**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6106</u>** **<u>17-03-2023 - ൽ മറുപടിയ്ക്ക്</u>**

**<u>കേരളത്തിന്റെ തനത് ഉല്പന്നങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വിറ്റഴിക്കുന്നതിനുള്ള സംവിധാനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ വിവിധ വ്യവസായ പ്രോത്സാഹന പദ്ധതികൾ വഴി ഉല്പാദിപ്പിക്കുന്ന കേരളത്തിന്റെ തനത് ഉല്പന്നങ്ങൾ സംരംഭകർക്ക് ഓൺലൈൻ വ്യാപാരത്തിലൂടെ വിറ്റഴിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | നിലവിലുണ്ട്. കേരളത്തിൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പ്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ ഉല്പ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ-പോർട്ടൽ (www.keralaemarket.org/www.keralaemarket.com/www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട്. ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും. സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ തലത്തിലുള്ള പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനുള്ള സഹായവും വ്യവസായ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. |
| (ബി) | ഈ മേഖലയിൽ യുവസംരംഭകരെ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉല്പന്നങ്ങൾ ഓൺലൈൻ വ്യാപാര ശൃംഖലകളിൽ രജിസ്റ്റർ ചെയ്ത് വിപണനം നടത്തുന്നതിനും എന്തൊക്കെ സഹായങ്ങളാണ് വ്യവസായ വകുപ്പ് വഴി ലഭ്യമാക്കുകയെന്ന് വെളിപ്പെടുത്തുമോ; വിശദമാക്കുമോ; | (ബി) | സംരംഭകർക്ക് നേരിട്ടുള്ള കൈത്താങ്ങ് സഹായം നൽകുന്നതിനായി എല്ല പഞ്ചായത്ത് , മുനിസിപ്പാലിറ്റി , കോർപ്പറേഷൻ പ്രദേശങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള ഇന്റേണുകളെ വ്യവസായ വകുപ്പ് നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ യുവസംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക കെ.എസ്..ഐ.ഡി.സി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ തൊണ്ണൂറുശതമാനമോ അല്ലെങ്കിൽ ഇരുപത്തഞ്ചുലക്ഷം രൂപയോ ആണ പ്രാഥമിക മൂലധനസഹായം ആയി നൽകി വരുന്നത്.<br><br>ഇതിന് പുറമേ, തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും, സ്റ്റാർട്ടപ്പ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ. എസ് ഐ. ഡി. സി.- യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്ററിൽ സംരംഭങ്ങൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംരഭങ്ങൾക്കെല്ലാം ആവശ്യാനുസരണം മാർഗനിർദ്ദേശങ്ങൾ നൽകി വരുന്നു. |
| (സി) | കേരളത്തിൽ ധാരാളം വിളവ് ലഭിക്കുന്ന ഈന്ത്, കൂവ, മഞ്ഞൾ തുടങ്ങിയ ഔഷധഗുണമുള്ള ജൈവ ഉല്പന്നങ്ങൾ ഉപയോഗിച്ചുണ്ടാക്കുന്ന മൂല്യവർധിത വസ്തുക്കൾ | (സി) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കായി ദേശീയ, അന്തർദ്ദേശീയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനും, പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനുമായി ഇ-പോർട്ടലിന് പുറമേ വാണിജ്യ മിഷനും രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഇത്തരത്തിലുള്ള പ്രദർശന വിപണന മേളകളിൽ പങ്കെടുക്കുന്നതിനുള്ള എല്ലാ സഹായവും വ്യവസായ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | ഓൺലൈൻ വ്യാപാരത്തിലൂടെ വിദേശ വിപണികളിലെത്തിക്കാൻ സംരംഭകന് സർക്കാർ നൽകിവരുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ